LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മദ് ഷാഫിയുടെ മരണം

56 [1632] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിലെ പരേതനായ മണ്ണില തൊടികയിൽ മൊയ്തീന്റെ മകൻ കെട്ടിൽ മുഹമ്മദ് ഷാഫി മരണപ്പെട്ടത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) മുഹമ്മദ് ഷാഫിയുടെ കുടുംബത്തിന് നൽകിയ ധനസഹായം സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വാഹനാപകടത്തിലാണ് മരിച്ചത്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എൽ./10-കെ. 180 നമ്പർ ടിപ്പർ ലോറി ഡ്രൈവർ ജൈബൽ, എസ്/ഒ മരക്കാർ, വയസ്സ് 22/02, ചിറക്കൽ ഹൗസ്, ഒളവണ്ണ എന്ന ആളുടെ പേരിൽ കോഴിക്കോട് സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 692/02, യു/എസ് 279, 304 (എ) ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ബഹു. കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നാദാപുരത്ത് ചിയ്യൂരിൽ ബോംബ് സ്ഫോടനത്തിൽ പീടിക തകർക്കപ്പെട്ട സംഭവം

57 [1633] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചിയ്യൂരിൽ രാജന്റെ പീടിക ഉഗ്ര ശേഷിയുള്ള ബോംബ് സ്ഫോടനത്തിൽ തകർക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാദാപുരത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വത്തിൽ ജനങ്ങൾ ഊട്ടിയുറപ്പിച്ച സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്ന ഇത്തരം ഛിദ്രശക്തികളെ പിടികൂടി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരേണ്ടതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുക്കുമോ;

(സി) ഈ കേസന്വേഷണത്തിൽ പോലീസ് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനമ്മൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?